പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2078 — 08.12.2014 ൽ മറുപടിക്ക്

# സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പന തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വില്പനയും മദ്യമയക്കമരുന്ന് വില്പനയും കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉല്പന്നങ്ങളുടെ വിൽപ്പന<br>ത ട യുന്നതിനായി നിരന്തര റെയ്ഡുകൾ നടത്തുകയും പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുകയും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവരെ രഹസ്യ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി അറസ്റ്റ് ചെയ്തും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് ഇത്തരം ഉത്പന്നങ്ങളുടെ വ്യാപനം തടഞ്ഞുവരുന്നു. ഇതിനു പുറമേ ക്ലീൻ ക്യാമ്പസ് - സേഫ് ക്യാമ്പസ് പദ്ധതി പ്രകാരം ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവ മുഖേന കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും മറ്റ് വകുപ്പുകളുമായി ചേർന്ന് ബോധവത്ക്കരണ ക്ലാസുകൾ നടത്തിവരുന്നു. |
| (ബി) | വിദ്യാർത്ഥികളിൽ മയക്ക് മരുന്ന് എത്തിക്കുന്ന ഗൂഢസംഘങ്ങളെ ഗുണ്ടാ ആക്ടിൽ ഉൾപ്പെടുത്തി അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മയക്കുമരുന്ന് വിൽപ്പനക്കാരായവർ ഗുണ്ടാ ആക്ടിന്റെ പരിധിയിൽപ്പെടുന്ന സ്ഥിരം കുറ്റവാളികൾ ആണെങ്കിൽ ടിയാന്മാരെ ഈ ആക്ട് പ്രകാരം അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുമോ? | (സി) | ഇതിലേക്കു മാത്രമായി പ്രത്യേക സ്ക്വാഡിനെ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പ രിഗണനയിലില്ല. എന്നാൽ സ്കൂൾ, കോളേജ് പരിധികളിലെ പോലീസ് സബ്-ഇൻസ്പെക്ടർമാർക്കും, സർക്കിൾ ഇൻസ്പെക്ടർമാർക്കും ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ